LIBRARY ARCHIVES Kerala Legislative Assembly

ആനപ്പാപ്പാൻമാർക്കുള്ള പരിശീലനം

*18 [430] ശ്രീ. ലൂഡി ലൂയിസ് :
,, ജോർജ് ജെ. മാത്യൂ :
,, കെ. ബാബു :
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആനപ്പാപ്പാൻമാരെ പരിശീലിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ എവിടെ എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കേന്ദ്രത്തിൽ ഒരേസമയം എത്ര പാപ്പാൻമാരെ പരിശീലിപ്പിക്കുവാൻ കഴിയും;

(ഡി) പ്രസ്തുത പദ്ധതിയുടെ വിശദാശം നൽകുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) എറണാകുളം ജില്ലയിൽ മലയാറ്റൂർ വനം ഡിവിഷന്റെ നിയന്ത്രണത്തിൽ കോടനാട് എന്ന സ്ഥലത്ത്.

(സി) 20 പേരെ പരിശീലിപ്പിക്കുവാൻ കഴിയും.

(ഡി) നിലവിലുള്ള ആന പാപ്പാൻമാർക്ക് പ്രത്യേകമായ പരിശീലനവും ആന പാപ്പാൻമാരാകാൻ ആഗ്രഹിക്കുന്നവർക്ക് ദീർഘകാല പരിശീലനവും നൽകുക എന്ന ലക്ഷ്യം മുൻനിറുത്തിയാണ് ആന പാപ്പാൻമാരുടെ പരിശീലന കേന്ദ്രം ആരംഭിക്കുന്നത്. ആന ഉടമസ്ഥർക്കും ആനയുടെ സേവനം ഉപയോഗപ്പെടുത്തുന്നവർക്കും ബോധവത്ക്കരണം നടത്തുന്നതിനും ഈ കേന്ദ്രം പ്രയോജനപ്പെടും. തെരെഞ്ഞടുക്കപ്പെട്ട പാപ്പാൻമാർക്ക് അവരുടെ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത ദൈർഘ്യമുള്ള ഹ്രസ്വകാല പരിശീലന പദ്ധതി എർപ്പെടുത്തുന്നതാണ്. ഒരു ഉപദേശക സമിതിയുടെ മേൽനോട്ടത്തിൽ ആയിരിക്കും പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നത്.

മത്സ്യവിപണന-കയറ്റുമതിക്കുള്ള സൗകര്യങ്ങൾ

*19 [431] ശ്രീ. എ. സി. ഷൺമുഖദാസ് :
,, കെ. പി. മോഹനൻ :
,, സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തിന് ന്യായമായ വില ലഭിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;